MEDIA CONSULTANTS

**Mathrubhumi**

**An exhibition at National Museum to experience music ways**

Date: **30-11-2013** | Edition: **Delhi** | Page No: **3** | Clip size (cm) - W: **21** H: **10**

# സംഗീതവഴികൾ അനുഭവിച്ചറിയാൻ ദേശീയ മ്യൂസിയത്തിൽ പ്രദർശനമൊരുങ്ങി

**ന്യൂഡൽഹി:** ഭാരതീയസംഗീതം രൂപപ്പെട്ട വഴികൾ ആസ്വാദകർക്ക് കണ്ടും കേട്ടും തൊട്ടും അറിയാനായി ഇൻററാക്ടിവ് ആർട്ട് ജൻപഥ് നാഷണൽ മ്യൂസിയത്തിൽ തുടങ്ങി. സംഗീതഭൂമികയും ദേവതകളും എന്നുപേരിട്ട നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള പ്രദർശനം മലയാളിയായ സംഗീത സാങ്കേതിക വിദഗ്ധൻ രഞ്ജിത്ത് മാക്കുന്നിയാണ് ഒരുക്കിയത്.

സംഗീതത്തിൻെറ ശാസ്ത്രവും കലയും ആത്മീയതയും എല്ലാം വിവരിക്കുന്നതാണ് പ്രദർശനം. സംവേദനാത്മക കലയിലെ നൂതനത്വം ഉപയോഗപ്പെടുത്തി വിവിധ ഏഷ്യൻ സംസ്കാരങ്ങളിലുള്ള ദേവീ സങ്കൽപത്തിൻെറ പ്രതിഫലനങ്ങൾ ഇതിൽ വിവരിക്കുന്നുണ്ട്. ഐ.സി.സി.ആർ. അധ്യക്ഷൻ കരൺസിങ്ങാണ് പ്രദർശനം ഉദ്ഘാടനം ചെയ്തത്.



ദേശീയ മ്യൂസിയത്തിൽ സംഗീതവും കമ്പ്യൂട്ടർ സാങ്കേതികവിദ്യയും സമന്വയിപ്പിച്ചൊരുക്കിയ പ്രദർശനത്തിൽ രഞ്ജിത്ത് മാക്കുന്നി

പുരാതനവസ്തുക്കൾ പ്രദർശിപ്പിക്കാനുള്ള ഒരിടം മാത്രമല്ല, മ്യൂസിയങ്ങളെന്നും അവയുടെ സംവേദനരീതികൾ മാറുകയാണെന്നും അദ്ദേഹം പറഞ്ഞു. പ്രദർശനം ഒരുക്കാൻ മുൻകൈയെടുത്ത ഡയറക്ടർ ജനറൽ ഡോ. വി. വേണുവിനെ അദ്ദേഹം അഭിനന്ദിച്ചു.

ഇലക്ട്രോണിക് ഇൻസ്റ്റലേഷൻ, ഡിജിറ്റൽ ചിത്രങ്ങൾ, പ്രശസ്തരുടെ പ്രകടനങ്ങളുടെ റെക്കോഡുകൾ തുടങ്ങിയവയാണ് ഇതിലുള്ളത്. ക്ഷേത്രാചാരങ്ങൾക്ക് സംഗീതം ഒഴിവാക്കാനാകാത്ത ഒന്നാണെന്നും മണിനാദവും മന്ത്രധ്വനികളും ഉൾപ്പെടെയുള്ളവയിലൂടെ ക്ഷേത്രങ്ങൾ സംഗീതോപകരണത്തിൻെറ സാന്നിധ്യം അനുഭവിപ്പിക്കുമെന്നും പ്രദർശനം ഒരുക്കിയ രഞ്ജിത്ത് മാക്കുന്നി പറഞ്ഞു. പരമ്പരാഗതവും ആധുനികവുമായ സംഗീതോപകരണങ്ങൾ ഈ പ്രദർശനത്തിലുണ്ട്.

കരചലനം, സ്പർശം, തള്ളൽ, നോട്ടം എന്നിവയിലൂടെ അറിയാവുന്ന സംഗീതോപകരണങ്ങളാണ് കംപ്യൂട്ടേഷനിലൂടെ സജ്ജീകരിച്ചത്. കാണികൾക്ക് ഇവ നിയന്ത്രിക്കാനാകും. 'അബ്സ്ട്രാക്ട് വുമൺ' എന്ന ഒരു ശിൽപത്തെ സ്പർശിച്ചാൽ ലളിതാസഹസ്രനാമം കേൾക്കാം.

സംസ്കാരവും കമ്പ്യൂട്ടിങ്ങും സമന്വയിപ്പിക്കുകയാണ് മേളയിലെന്ന് മ്യൂസിയം ഡയറക്ടർ ജനറൽ ഡോ. വി. വേണു പറഞ്ഞു. ജനവരി 15 വരെ പ്രദർശനം തുടരും.